## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3881 — 21.06.2019 ൽ മറുപടിക്ക്

### പുഴയോരത്തെ ഭൂമി അനധികൃതമായി കുഴിക്കുന്നതിനെതിരെ നടപടി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) പുഴയോരത്തെ ഭൂമിയിൽ മത്സ്യകൃഷിക്കായി കുളം കുഴിക്കാൻ അനുമതി വാങ്ങിയ ശേഷം കുഴിച്ചെടുക്കുന്ന മണ്ണ് സ്വകാര്യ ലോബിക്ക് വൻ തുകക്ക് വിൽപ്പന നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) മൈനിംഗ് ആൻറ് ജിയോളജി വകുപ്പിൽ നിന്ന് ലഭിക്കുന്ന പാസുകളിലെ പഴുതാണ് മണ്ണ് ലോബി ദുരുപയോഗം ചെയ്ത് പണം സമ്പാദിക്കുന്നതെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മത്സ്യകൃഷിക്കായി കുളം കുഴിക്കുന്നതിന് മൈനിംഗ് ആന്റ് ജിയോളജി വകുപ്പിൽ നിന്നും അനുമതി നൽകാറില്ല. അനുമതി പ്രകാരം കുളം കുഴിക്കുന്നതിന്റെ ഭാഗമായി നീക്കം ചെയ്യപ്പെടുന്ന മണ്ണ് വില്പനക്കായി പുറത്തു കൊണ്ടു പോകുന്നതിന് റോയൽറ്റി ഈടാക്കി മിനറൽ ട്രാൻസിറ്റ് പാസ്സുകൾ അനുവദിക്കാറുണ്ട്. എന്നാൽ ഇത്തരം പാസുകൾ ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) അനുവദിച്ചതിന്റെ മൂന്നിരട്ടിയിലധികം മണ്ണ് കുഴിച്ചെടുത്ത് പുഴയോരത്തെ അക്ഷരാർത്ഥത്തിൽ കുളമാക്കുന്ന ഈ പ്രവർത്തനങ്ങൾക്ക് പൂർണ്ണമായും വിരാമമിടാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കും; വ്യക്തമാക്കാമോ? | (സി) | അനധികൃത ഖനനം ശ്രദ്ധയിൽപ്പെട്ടാൽ ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ